# പതിമൂന്നാം കേരള നിയമസഭ

## (പതിമൂന്നാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 132      09/03/2015-ൽ മറുപടിയ്ക്ക്**

**പൊഴിക്കര - ലക്ഷ്മിപുരം തോപ്പ് റോഡിൽ റെഗുലേറ്റർ കം ബ്രിഡ്ജ്**

| ചോദ്യം<br>ശ്രീ. ജി. എസ്. ജയലാൽ: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) കൊല്ലം ജില്ലയിലെ പൊഴിക്കര - ലക്ഷ്മിപുരം തോപ്പ് റോഡിൽ റോഡ് നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാത്തതും വർഷകാലത്ത് റോഡ് തകർന്ന് കടലും കായലും ഒന്നായി തീരുകയും ചെയ്യുന്ന ഭാഗത്ത് ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പൊഴിക്കര - ലക്ഷ്മിപുരം തോപ്പ് റോഡിൽ റോഡ് നിർമ്മാണം പൂർത്തീകരിയ്ക്കാൻ കഴിയാഞ്ഞതും വർഷകാലത്ത് റോഡ് തകർന്ന് കടലും കായലും ഒന്നായി തീരുകയും ചെയ്യുന്ന ഭാഗത്ത് ഐ.ഐ.റ്റിയുടെ നിർദ്ദേശ പ്രകാരം ഗ്രോയിനുകൾ നിർമ്മിച്ചിട്ടുള്ളതിനാൽ ഈ ഭാഗത്ത് മണ്ണടിഞ്ഞ് ബീച്ച് രൂപാന്തരപ്പെട്ടിട്ടുള്ളതും, ആയതിനാൽ നിലവിൽ ഒരു റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ആവശ്യകതയില്ലാത്തതുമാകുന്നു. |
| (ബി) എങ്കിൽ, കേന്ദ്ര ഗവൺമെന്റ്/ സംസ്ഥാന ഗവൺമെന്റ് എന്നിവരുടെ സാമ്പത്തിക സഹായത്തോടെ റെഗുലേറ്റർ കം ബ്രിഡ്ജ് സ്ഥാപിക്കുവാൻ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമോ; ഇതിനായി ഗവൺമെന്റ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ബി) നിലവിൽ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ ആവശ്യകതയില്ലാത്തതിനാൽ, ആയതിന് നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല. എന്നാൽ ടി ഭാഗത്ത് റോഡ് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |

സെക്ഷൻ ആഫീസർ